# പതിമൂന്നാം കേരളനിയമസഭ

## നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.698</u>

08.03.2012 ൽ
മറുപടിക്ക്

## കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന്റെ കീഴിൽ പുറക്കാട്ടിരി ആയുർവ്വേദ സെന്റർ

| ചോദ്യം<br>ശ്രീ.എ.കെ.ശശീന്ദ്രൻ : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന്റെ കീഴിൽ പുറക്കാട്ടിരി ആയുർവ്വേദ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടംവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരിയിൽ ആയുർവേദിക് സെന്റർ നിർമ്മിക്കുന്നതിനായി 14.06.1990-ലെ സർക്കാർ ഉത്തരവ് (എം.എസ്) 421/90/ആ.കു.വ പ്രകാരം 1.6351 ഹെക്ടർ ഭൂമി 1,01,188/- രൂപയ്ക്ക് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ന് കേരള സർക്കാർ നൽകുകയുണ്ടായി. സാധാരണ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഉന്നത നിലവാരത്തിലുള്ള ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ സ്ഥലത്ത് 14000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ പണി ആരംഭിക്കുകയും ഭാഗികമായി പണികൾ നടത്തുകയും ചെയ്തിരുന്നു. |
| (ബി) | ഇന്നേവരെ എത്ര ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്; | (ബി) | നാളിതുവരെ ചെയ്ത പണിയുടെ ആകെ തുക 17,59,230/-രൂപയാണ്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി ഇതുവരെ ചെലവാക്കിയ തുക ഒരു നിഷ്ക്രിയ നിക്ഷേപമായി തുടരുകയാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ട 6.50 കോടി രൂപ ചിലവിൽ ഒരു പദ്ധതി തയ്യാറാക്കി സ്വകാര്യസംരഭകരുടെ പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പാക്കാൻ ശ്രമിച്ചുവെങ്കിലും സംരഭകരിൽ നിന്നും കാര്യമായി പ്രതികരണം ലഭിക്കാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. അതിനുശേഷം 2010-11 വർഷത്തിലെ ആയുഷ് പദ്ധതിയിൽ ഈ പദ്ധതികൂടി ഉൾപ്പെടുത്തുന്നതിനായി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ ഈ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ